| | |
|---|---|
| 1. ദൈവമെ മഹാപാപിയാം | 1. Dheivame mahaa paapiyaam |
| ദാസനിൽ കനിയേണമേ | Dhasanil kaniyename |
| നിങ്കലേക്കു ഞാൻ നോക്കുവാൻ | Ninkalekku njaan nokkuvaan |
| നാണിച്ചു ലജ്ജിക്കുന്ന ഹോ | naanichu lagjikkunnaho |
| പാപശാപം നീക്കിടുവാൻ | Paapasaapam neekkeeduvan |
| പാരിടേ മൃതി ഏറ്റൊരു | Paaride mruthy eattoru |
| യേശുവിൻ തിരുച്ചോരയിൽ | Yesuvin thiru chorayil |
| ആശ്രയിച്ചു വന്നീടുന്നേൻ | Aashrayichu vanneedunnu |
| **വന്നിടുന്നു ഞാൻ, വന്നിടുന്നു ഞാൻ** | **Vannidunnu njaan, vannidunnu njaan** |
| **യേശുവിൻ തിരുച്ചോരയിൽ** | **Yeshvin thiru chorayil** |
| **ആശ്രയിച്ചു വന്നിടുന്നു.** | **Aashrayichu vanneedunnu** |
| 2. ഏറ്റവും വഷളായ എൻ | 2. Eattavum vashalaaya en |
| ഉള്ളത്തിൽ വസിച്ചീടുന്ന | Ullathil vasicheedunna |
| ദോഷങ്ങൾ അസംഖ്യ അത്രേ | Dhoshangal assamkhyam athrey |
| ലേശവും ഗുണം ഇല്ലെന്നിൽ; | Lessavum ghhunam illennil; |
| ഹീനനാകും നിൻ ദാസന്നു | Heenanaakum nin dhassannu |
| വേണം നിൻ അനന്തകൃപ | Venam nin ananthakrupa |
| യേശുവിൻ തിരുച്ചോരയിൽ | Yesuvin thiruchorayil |
| ആശ്രയിച്ചു വന്നീടുന്നേൻ -വന്നി | Aashrayichu vanneedunnen –vanni |
| 3. നിൻ പ്രമാണങ്ങൾ സർവ്വം ഞാൻ | 3. Nin pramanangal sarwam njan |
| ലംഘനം ചെയ്തു പോയഹോ | Lankhanam cheithu poyaho |
| നീതിയിൻ വിധി തീർപ്പിനാൽ | Neethiyin vidhi theerppinaal |
| യാതൊരാശയും എന്നിയേ | Yaathorashayum enniye |
| ശാപം പാത്രം ആയോരു ഞാൻ | Shapam pathram aayoru njaan |
| പാപികൾക്കു സങ്കേതമാം | papikalkku sanghethamaam |
| യേശുവിൻ തിരുച്ചോരയിൽ | Yesuvin thiruchorayil |
| ആശ്രയിച്ചു വന്നിടുന്നേൻ -വന്നി | Aashrayichu vanneedunnen -vanni |